"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. കെ. ബി. കൃഷ്ണകുമാർ ഫയൽ ചെയ്ത WP(C) No. 12557/2019 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 13/01/2020 -ലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.1063/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/05/2021

---

പരാമർശം:- 1 പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ശ്രീ. കെ. ബി. കൃഷ്ണകുമാർ ഫയൽ ചെയ്ത ജൂൺ 2020 തീയതിയായ അപ്പീൽ പെറ്റിഷൻ.

2 പരാതി നമ്പർ 814/ 2017-ന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്‌മാൻ പുറപ്പെടുവിച്ച 13.12.2018- ലെ ഉത്തരവ്.

3 WP (C) നമ്പർ 12557/2019- ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 13/01/2020- ലെ വിധി ന്യായം.

4 പഞ്ചായത്ത് ഡയറക്ടറുടെ 09.01.2021, 17.03.2021 തീയതികളിലെ PAN/14461/2020 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മാത്താനം ക്ഷേത്രം - ഹിദായത്തു റോഡ് ഹിദായത്തുൽ ഇസ്ലാം സമാജത്തിന്റെ വസ്തുവിന്റെ ഇടയിലൂടെയാണ് കടന്നുപോയിരുന്നത്. ഹിദായത്തുൽ ഇസ്ലാം സമാജത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി പ്രസ്തുത റോഡിന്റെ ദിശ മാറ്റുന്നതിനും റോഡിന്റെ കൈവശാവകാശം ഒറ്റത്തങ്ങൾ മോസ്ക് കമ്മിറ്റിയ്ക്ക് നൽകാനും ഗ്രാമപഞ്ചായത്ത് 29/04/2010-ൽ തീരുമാനിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതും, പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169-പ്രകാരം റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ് മാത്താനം ടെമ്പിൾ ഹിദായത്ത് റോഡെന്നും, തങ്കേക്കാട്ട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലേയ്ക്ക് വരുന്ന ഭക്തരും IHDP കോളനിവാസികളും ഈ റോഡ് ഉപയോഗിക്കുന്നുവെന്നും, അതിനാൽ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത തീരുമാനത്തിനെതിരെ ശ്രീ. കെ. ബി. കൃഷ്ണകുമാർ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ പെറ്റിഷൻ ഫയൽ ചെയ്തിരുന്നു.

2) തുടർന്ന് ശ്രീ. കെ.ബി. കൃഷ്ണകുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No. 20939 / 2010-ന്മേൽ പുറപ്പെടുവിച്ച 5.1.2017- ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ. കെ. ബി. കൃഷ്ണകുമാറിന്റെ അപ്പീൽ പെറ്റിഷൻ പ്രകാരം പരാതിക്കാരേയും ബന്ധപെട്ടവരെയും നേരിൽ കേൾക്കുകയും ഈ വിഷയത്തിൽ പഞ്ചായത്ത് എടുത്ത തീരുമാനം പരിശോധിക്കുന്നതിന് 30/05/2017- ലെ ജി . ഒ ( ആർ . റ്റി) 1784/2017/ തസ്വഭവ പ്രകാരം സർക്കാർ പ്രസ്തുത വിഷയം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും ഓംബുഡ്സ്മാൻ ഇക്കാര്യത്തിൽ പരാമർശം (2) പ്രകാരം 13/12/2018-ൽ ഉത്തരവ് പുറപ്പെടുവിയ്ക്കുകയുമുണ്ടായി. ദിശ മാറ്റുന്നതിന് പകരമായി സമാജം വക സ്ഥലം പഞ്ചായത്ത് ആവശ്യപ്പെടുന്ന വീതിയിൽ നൽകാമെന്ന് ബഹു. ഓംബുഡ്സ്മാന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് സ്ഥലം ആവശ്യപ്പെടുമ്പോൾ ഗതാഗതത്തിന് തടസ്സമാകാത്ത വിധം റോഡിന്റെ ഭാവിവികസന സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് യുക്തമായ രീതിയിൽ സ്ഥലം ആവശ്യപ്പെടണമെന്നും റോഡിന്റെ ദിശമാറ്റം മൂലമുണ്ടാകുന്ന വളവുകളിൽ വലിയ വാഹനങ്ങൾ (ഫയർ എൻജിൻ ഉൾപ്പെടെ) അനായാസം പ്രവേശിക്കാനും കടന്നുപോകാനും പറ്റുന്ന രീതിയിൽ ബെൽമൗത്ത് സൗകര്യം ഉൾപ്പെടെ മതിയായ സ്ഥലം വിട്ടു നൽകുന്നതിന് ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെടണമെന്നും ബഹു. ഓംബുഡ്സ്മാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള റോഡിന് പകരമായി 6 മീറ്റർ വീതിയിൽ ബെൽ മൗത്തോടുകൂടി റോഡ് നിർമ്മിക്കുന്നതിന് സമാജം വക സ്ഥലം ആവശ്യപ്പെടുന്നതിന് പഞ്ചായത്ത് കമ്മിറ്റി ഐക്യകണ്ഠേന തീരുമാനിച്ചു. ഗതാഗത സൗകര്യവും പൊതുജനങ്ങളുടെ താല്പര്യവും മുൻ നിർത്തി അരൂക്കുറ്റി ഗ്രാമപഞ്ചായത്തും വടുതല ഹിദായത്തുൽ ഇസ്ലാം സമാജവും എടുത്തിട്ടുള്ള തീരുമാനങ്ങൾ പ്രശ്ന പരിഹാരത്തിന് പര്യാപ്തമാണ്. ഇത് സംബന്ധിച്ചുള്ള തർക്കം മേൽപ്പറഞ്ഞ തീരുമാനത്തോടെ പരിഹരിയ്ക്കപ്പെടുന്നതിനാൽ ഇപ്രകാരം കേസ് ഓംബുഡ്സ്മാൻ തീർപ്പാക്കുകയുണ്ടായി.

3) എന്നാൽ ഇത്തരത്തിൽ ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചതിനെതിരെ ശ്രീ. കെ.ബി കൃഷ്ണകുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.12557/2019-ന്മേൽ പരാതിക്കാരൻ സർക്കാരിൽ സമർപ്പിച്ച Ext. P6-ലെ ആവശ്യം ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുകൊണ്ടും ആവശ്യമെങ്കിൽ, ബന്ധപ്പെട്ട വ്യക്തികളെ നേരിൽ കേട്ടു കൊണ്ടും തീർപ്പാക്കുന്നതിനു പരാമർശം (3)-ലെ വിധിന്യായപ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി. Ext. P6 എന്നത് പരാതിക്കാരൻ പരാമർശം ( 1 ) പ്രകാരം സമർപ്പിച്ച അപ്പീൽ പെറ്റിഷൻ ആണ്.

4) പ്രസ്തുത ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻ ജോയിന്റ് സെക്രട്ടറി ഹിയറിംഗ് നടത്തുകയുണ്ടായി. ഫോൺ മുഖേന നടത്തിയ ഹിയറിംഗിൽ പരാതിക്കാരനായ ശ്രീ. കെ. ബി. കൃഷ്ണകുമാർ, ഹിദായത്തുൽ ഇസ്ലാം സമാജം ജനറൽ സെക്രട്ടറി ശ്രീ. വി. എ. മുഹമ്മദ് ഹാജി എന്നിവർ പങ്കെടുത്തു.

5) ഹിയറിങ് വേളയിലെ ശ്രീ കൃഷ്ണകുമാറിന്റെ വാദഗതികൾ ചുവടെ പറയുന്നവയാണ്.

i) റോഡ് ഗതിമാറ്റരുത് എന്ന് തന്നെയാണ് തന്റെ നിലപാട്; എന്നാൽ റോഡ് ഗതി മാറ്റിയതിനു

ശേഷം പഴയ റോഡ് അടക്കുകയാണ് ഹിദായത്ത് ഇസ്ലാം സമാജം ചെയ്യുന്നത്

i) റോഡ് ഗതി മാറ്റുക ആണെങ്കിൽ, ഹൈക്കോടതി പരാമർശം ഉള്ളതു പോലെ ഒരു ഫയർ എഞ്ചിൻ ഇടതു വശം ചേർന്ന് പടിഞ്ഞാറ് ഭാഗത്ത് നിന്നും വന്നുതിരിഞ്ഞു കയറുന്ന വിധത്തിൽ ഉള്ള ബെൽ മൗത്ത് വേണം.

iii) നിലവിലുള്ള റോഡ് മാറ്റി പുതിയ റോഡ് നിർമ്മിച്ചാൽ (നിലവിൽ നിർമ്മിച്ച് കഴിഞ്ഞു) ഒരു വലിയ വളവ് രൂപപ്പെടും. അതിനാൽ തങ്കേക്കാട് ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾക്ക് മെയിൻ റോഡിൽ പടിഞ്ഞാറ് ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങളുടെ ദർശനം അടയാത്ത വിധത്തിൽ സംവിധാനം വേണം.

iv) ഹിദായത്ത് ഇസ്ലാം സമാജം രേഖാമൂലം റോഡിന് അനുമതി നൽകണം.

6) ഹിയറിങ് വേളയിൽ ഹിദായത്തുൽ ഇസ്ലാം സമാജം ജനറൽ സെക്രട്ടറി ശ്രീ .വി. എ. മുഹമ്മദ് ഹാജി താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി :-

അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതും, പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169-പ്രകാരം റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ് മാത്താനം ഹിദായത്തുൽ ഇസ്ലാം സമാജം വക വസ്തുവിൽ കൂടി കടന്നു പോകുന്ന റോഡ്. റോഡിന്റെ തുടക്കമാണ് പള്ളി വകസ്ഥലം. സമാജം വക വസ്തു കഴിഞ്ഞാൽ 2 കിലോമീറ്റർ ദൂരം മാത്താനം ജംഗ്ഷനിലേക്ക് ഉണ്ട്. വർഷങ്ങളായി തുടരുന്ന ഒരു തർക്കത്തിന് പരിഹാരം എന്ന നിലയിലും, ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം മാനിച്ചുമാണ് കോടതിയിൽ നിന്നും നിർദ്ദേശിച്ച പ്രകാരമുള്ള വിട്ടു വീഴ്ചക്ക് തയ്യാറായിട്ടുള്ളത്. 27.05.2020 ൽ കൂടിയ സമാജം കമ്മറ്റിയിൽ ഹിദായത്ത് മാത്താനം റോഡിന്റെ ദിശ മാറ്റുന്നതിന് കോടതി വിധി നടപ്പാക്കുന്നതിന് തീരുമാനിച്ചു. 2011 ൽ തന്നെ നിർദിഷ്ട റോഡ് വസ്തുവിന്റെ കിഴക്കേ അതിരിലേക്ക് മാറ്റുന്നതിന് കേരള സംസ്ഥാന വഖഫ് ബോർഡിൽ നിന്നും അനുമതി കിട്ടിയിട്ടുണ്ട്. പഞ്ചായത്തിൽ റോഡിനായി സ്ഥലം വിട്ടു കൊടുക്കുന്നതിനുള്ള അനുമതി പത്രം കൊടുത്തിട്ടുണ്ട്. പഞ്ചായത്തിൽനിന്ന് ആവശ്യപ്പെട്ടതനുസരിച്ച് വില്ലേജ് ഓഫീസിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ളതും ആകുന്നു. പഴയ വഴിയിൽ കൂടി കടന്നു പോകുന്ന ബി എസ് എൻ എൽ കേബിൾ ,കേരളം വാട്ടർ അതോറിട്ടി ശുദ്ധ ജല പൈപ്പുകൾ, മൽസ്യ സംസ്കരണ ശാലകളിലെ മാലിന്യ കുഴലുകൾ എന്നിവ ആവശ്യമെങ്കിൽ പുതിയ വഴിയിലേക്കു മാറ്റുന്നതിനുള്ള ചിലവുകൾ സമാജം വഹിക്കുന്നതാണ്.

7) ടി വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം താഴെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി:-

നിലവിലുണ്ടായിരുന്ന റോഡിന് പകരമായി ആറ് മീറ്റർ വീതിയിൽ ബെൽ മൗത്തോടുകൂടി റോഡ് നിർമ്മിക്കുന്നതിന് സമാജം വക സ്ഥലം അനുവദിക്കണമെന്നതായിരുന്നു 22/11/2018-ലെ പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിലെ തീരുമാനം. ടി തീരുമാന പ്രകാരം സമാജത്തോട് സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ഹിദായത്ത് ഇസ്ലാം സമാജം പ്രസിഡന്റ് 7.24 ആർ സ്ഥലം വിട്ട് നൽകാമെന്ന് സമ്മതിച്ച് ലാന്റ് റിലിംക്വിഷ്മെന്റ് ഫാറം ഒപ്പിട്ട് 05/10/2020-ൽ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിൽ വില്ലേജ് ആഫീസർ കൂടി ഒപ്പിട്ട് ഫാറം സമർപ്പിക്കുവാൻ സമാജത്തെ അറിയിച്ചിരുന്നുവെന്നും. എന്നാൽ ടി ഫാറം തിരികെ ഓഫീസിൽ സമർപ്പിച്ചിട്ടില്ല.

8) ബന്ധപ്പെട്ട ഫയലുകളും റിക്കാർഡുകളും വിശദമായി പരിശോധിച്ചു. 1994-ലെ പഞ്ചായത്തി രാജ് നിയമം സെക്ഷൻ 191 പ്രകാരം സർക്കാർ പഞ്ചായത്തിന്റെ ഒരു പ്രമേയമോ തീരുമാനമോ റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ മുൻപായി സർക്കാർ ആ സംഗതി 271(ജി) വകുപ്പ് പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെയോ അല്ലെങ്കിൽ 271(എസ്) പ്രകാരം രൂപീകരിച്ച ട്രിബ്യൂണലിന്റെയോ പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതും അതതു സംഗതി പോലെ ഓംബുഡ്സ്മാൻ അഥവാ ട്രിബ്യൂണൽ പഞ്ചായത്തിന് പറയാനുള്ളതു പറയാൻ ഒരു അവസരം നൽകിയ ശേഷം അതിന്റെ നിഗമനകളോട് കൂടിയ ഒരു റിപ്പോർട്ട് സർക്കാരിന് നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ആ പ്രമേയമോ തീരുമാനമോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ശരിവയ്ക്കുകയോ ചെയ്യാവുന്നതുമാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് 5.1.2017-ലെ WP (C) No. 20939/2010 നമ്പർ കേസിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരേയും ബന്ധപെട്ടവരെയും നേരിൽ കേൾക്കുകയും ഈ വിഷയത്തിൽ പഞ്ചായത്ത് എടുത്ത തീരുമാനം പരിശോധിക്കുന്നതിന് 30/05/2017- ലെ ജി.ഒ (ആർ.റ്റി) 1784/2017/തസ്വഭവ പ്രകാരം സർക്കാർ പ്രസ്തുത വിഷയം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും, 13/12/2018- ഉത്തരവ് പുറപ്പെടുവിയ്ക്കുകയുംചെയ്തിട്ടുള്ളത്. ഇപ്രകാരം ഓംബുഡ്സ്മാൻ നൽകിയ വിധിക്കെതിരെയാണ് പരാതിക്കാരൻ വീണ്ടും കോടതിയെ സമീപിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിൽ ഹിദായത്തുൽ ഇസ്ലാം സമാജത്തിന്റെ പ്രസിഡന്റ് ശ്രീ. വി. എ. മുഹമ്മദും, സമാജത്തിനു വേണ്ടി ഹാജരായ അഡ്വക്കേറ്റ് എ.കെ.അഷ്ക്കറും ആറു മീറ്റർ വീതിയിൽ ബെൽ മൗത്തോട് കൂടി റോഡ് നിർമിക്കുന്നതിന് സമാജം വക വസ്തു വിട്ടു കൊടുക്കുന്നതിനു പൂർണ്ണ സമ്മതമാണെന്ന് ബോധിപ്പിച്ചിട്ടുണ്ട് എന്നും മേൽ പ്രകാരം സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു ഫയർ എഞ്ചിൻ കയറുന്ന വിധത്തിൽ ബെൽ മൗത്തോടുകൂടി റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഫിദായത്ത് ഇസ്ലാം സമാജം അനുവദിക്കണമെന്നും മേൽ പ്രകാരം അനുവദിക്കുന്ന സ്ഥലത്തിന്റെ ലാന്റ് റീലിംഗിഷ്മെന്റ് ഫാറം വില്ലേജ് ആഫീസർ കൂടി ഒപ്പിട്ട് പഞ്ചായത്തിന് അടിയന്തരമായി നൽകണമെന്നും പഴയ വഴിയിൽ കൂടി കടന്നു പോകുന്ന ബി എസ് എൻ എൽ കേബിൾ, കേരള വാട്ടർ അതോറിട്ടി ശുദ്ധ ജല പൈപ്പുകൾ, മൽസ്യ സംസ്കരണ ശാലകളിലെ മാലിന്യ കുഴലുകൾ എന്നിവ പുതിയ വഴിയിലേക്കു മാറ്റി സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള ചിലവുകൾ സമാജം വഹിക്കേണ്ടതാണെന്നും റോഡിനു സമീപത്തുള്ള സമാജം വക വസ്തുവിൽ ഫിദായത്ത് ഇസ്ലാം സമാജം പുതിയ കെട്ടിടമോ മറ്റുള്ള ഏതെങ്കിലും നിർമ്മാണ പ്രവർത്തനമോ നടത്തുകയാണെങ്കിൽ, ടി നിർമ്മാണ പ്രവൃത്തികൾ പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണമായും പാലിച്ചു കൊണ്ടായിരിക്കണമെന്നും മേൽവ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പ് വരുത്തണമെന്നും നിഷ്കർഷിച്ചുകൊണ്ട് പരാതിക്കാരൻ exhibit P6 ആയി സമർപ്പിച്ച പരാമർശം (1)-ലെ അപ്പീൽ അപേക്ഷ തീർപ്പാക്കിക്കൊണ്ടും പരാമർശം (3)-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.എസ്.ശ്രീകല

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ് ജനറൽ(കേരള ), എറണാകുളം.(ഉപരി പത്രം സഹിതം).

സെക്രട്ടറി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ -686543.

സെക്രട്ടറി,തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, നാലാം നില, ട്രിഡാ ബിൽഡിങ്, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം.

ശ്രീ. കെ.ബി കൃഷ്ണകുമാർ, ചിലമ്പശ്ശേരിൽ, വടുതല ജെട്ടി പിഒ, അരൂക്കുറ്റി, ആലപ്പുഴ.

പ്രസിഡന്റ് ,ഹിദായത്തുൽ ഇസ്ലാം സമാജം,വടുതല ജെട്ടി പി.ഒ, അരൂക്കുറ്റി, ആലപ്പുഴ - 688535.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി -682017.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
SURESHKUMAR K
Date:Thu Jun 03 12:19:37 IST
2021
Reason: Approved

സെക്ഷൻ ഓഫീസർ